# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

# ഗവ:എൽ. പി. സ്കൂൾ

# മുദിയക്കാൽ

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയരംഗം മുന്നേറ്റത്തിൻെ പാതയിലാണ്. പൊതുവിദ്യാഭ്യസസംരക്ഷണ യജ്ഞത്തിൻെ ഭാഗമായി വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുക അനിവാര്യമാണ്. ഇതിനായി സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികൾക്കിടയിലും പൊതുവിദ്യാഭ്യസത്തിൻെ മേൻമയ്ക്ക് കോട്ടം ഒന്നും തന്നെ സംഭവിച്ചില്ല. ഗവ. എൽ.പി.സ്കൂൾ മുദിയക്കാൽ മികവിൻെ പാതയിൽ മുന്നേറി ക്കൊണ്ടിരിക്കുകയാണ്. പുതുതലമുറയ്ക്ക് അറിവിൻെ വെളിച്ചം പകരാൻ ഈ വിദ്യാലയം എന്നും സന്നദ്ധമാണ്.

# വിദ്യാലയചരിത്രം

ഉദുമ ഗ്രാമപഞ്ചായത്തിൽ മുദിയക്കാൽ ദേശത്ത് 1955 ൽ ഏകാധ്യാപകവിദ്യാലയമായി തുടങ്ങി. യശഃശരീരനായ ശ്രീ ദേവപ്പയ്യ എന്ന മഹത് വ്യക്തി വാടക ഈടാക്കാതെ സ്കൂൾ പ്രവർത്തിക്കാനുള്ള സ്ഥലം നൽകി. 7 വർഷക്കാലം ഓലഷെഡ്ഡിൽ പ്രവർത്തിച്ചു. 1962 ൽ ഇപ്പോൾ കാണുന്ന കെട്ടിടത്തിലേക്ക് മാറ്റി. ഇന്ന് എം.എൽ.എ ഫണ്ടിൽ നിന്ന്അനുവദിച്ച കെട്ടിടംസ്കൂളിന് സ്വന്തമായി ഉണ്ട്.

# ലക്ഷ്യങ്ങൾ

- ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബോധനത്തിന് ഊന്നൽ നൽകുക
- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠന സന്ദർഭം ഒരുക്കുക
- പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകുക
- കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക
- കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക
- ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുക
- ഗണിത അഭിരുചി വളർത്തുക
- വായനാശീലം വളർത്തുക
- പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുക
- കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക
- പ്രകൃതി പഠനത്തിന് അവസരം നൽകുക
- ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകളെ വളർത്തിയെടുക്കുക

# നേട്ടങ്ങൾ

ഗവ: എൽ പി സ്കൂൾ മുദിയക്കാൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാലയമാണ്. സബ്ജില്ല, ജില്ലാ തലത്തിൽ കലാ കായിക, ക്വിസ്, പ്രവൃത്തിപരിചയമേള, ശാസ്ത്ര മേളകളിൽ ജേതാക്കളായിട്ടുണ്ട്.എൽ എസ് എസ് പരീക്ഷയിൽ എല്ലാ വർഷവും കുട്ടികൾ വിജയം നേടാറുണ്ട്

നിലവിൽ സ്കൂളിന് ടൈൽ പാകിയ രണ്ടു കെട്ടിടങ്ങൾ ഉണ്ട്. അതിനു പുറമെ ഒരു സി ആർ സി ബിൽഡിങ് ഉണ്ട്.വിശാലമായ കളിസ്ഥലം ,സ്വന്തമായി കുടിവെള്ള സൗകര്യം, ഇരിപ്പിട സൗകര്യത്തോട് കൂടിയ ഡൈനിങ് ഹാൾ, വിശാലമായ അസംബ്ലി ഹാൾ എന്നിവയും ഉണ്ട്

ശിശു സൗഹൃദ വിദ്യാലയത്തിന്റെ ഭാഗമായി ചുമരുകളിൽ പെയിന്റിങ്ങുകളാൽ മനോഹരമാക്കിയിട്ടുണ്ട്. പലതരം റൈഡുകൾ ഉൾപ്പെടുത്തിയ വളരെ നല്ലൊരു പാർക്ക് കുഞ്ഞുങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് സ്കൂൾ കാവടത്തിനരികിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്

സ്കൂൾ മുറ്റവും പരിസരവും ഇന്റർലോക്ക് പാകി കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന് അകത്തേക്ക് മഴവെള്ളം തെറിക്കുന്നത് ഒഴിവാക്കുന്നതിനും ടോയ് ലറ്റ്, ഡൈനിങ് ഹാൾ എന്നിവയിലേക്കുള്ള യാത്ര സുഗമമാക്കുന്നതിനും മുകൾഭാഗം ഷീറ്റ് ഇട്ടിട്ടുണ്ട്

ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്താനുള്ള സൗകര്യം എല്ലാ ക്ലാസ് റൂമുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യത്തിന് പുസ്തകങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണ്.വൈദ്യുതീകരിച്ച എല്ലാ സൗകര്യങ്ങളോടും കൂടിയനാല് ക്ലാസ് മുറികൾ ഈ വിദ്യാലയത്തെ മികവുറ്റതാക്കുന്നു.

# പരിമിതികൾ

രക്ഷിതാക്കളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളോട് അതിയായ ഭ്രമം കാണുന്നു. പ്രീ പ്രൈമറി ക്ലാസിന് അംഗീകാരം ലഭിക്കാത്തത് പ്രയാസം ഉണ്ടാക്കുന്നു. ഉച്ചഭക്ഷണം ഉൾപ്പെടെയുള്ള പ്രീ പ്രൈമറി കുട്ടികളുടെ ചിലവുകൾക്ക് പിടിഎ സഹായം തേടാറുണ്ട്

# പദ്ധതി രൂപീകരണ പ്രക്രിയ

എസ് ആർ ജി യോഗത്തിൽ സ്കൂളിന്റെ സമഗ്ര വികസന കാഴ്ചപ്പാട് ചർച്ച ചെയ്തു തുടർന്ന് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ കരട് എഴുതി തയ്യാറാക്കി പിടിഎ എസ് എം സി യോഗങ്ങൾ ചേർന്ന് കരട് പദ്ധതി ചർച്ച ചെയ്യുകയും ചെയ്തു ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി

## 2025 – 26 വർഷം വിദ്യാലയം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്ന ചിലവ് (രൂപ) |
|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ– മലയാളത്തിളക്കം | രണ്ടു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾ | 5000 |
| 2 | വായന മെച്ചപ്പെടുത്താൻ– വായന കൂട്ടം, ലൈബ്രറി | മുഴുവൻ കുട്ടികളും | 10000 |

| | | | |
|---|---|---|---|
| | ശാക്തീകരണം | | |
| 3 | കുട്ടികളെ മികച്ച എഴുത്തുകാരനാക്കാൻ- എഴുത്തുകൂട്ടം | മുഴുവൻ കുട്ടികളും | 5000 |
| 4 | വാർത്ത പ്രദർശനം- ബുള്ളറ്റിൻ ബോർഡ് | രണ്ടു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾ | 5000 |
| 5 | ലഘു പരീക്ഷണങ്ങൾ- ലാബ് ശാക്തീകരണം | മുഴുവൻ കുട്ടികളും | 10000 |
| 6 | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കാൻ- അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ, ലാബ് ശാക്തീകരണം | മുഴുവൻ കുട്ടികളും | 25000 |
| 7 | ഫീൽഡ് ട്രിപ്പുകൾ ,പഠനയാത്രകൾ | മുഴുവൻ കുട്ടികളും | 15000 |
| 8 | വിദ്യാലയ പച്ചക്കറികൃഷി- കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടൽ , വിഷരഹിത പച്ചക്കറികളുടെ ഉപയോഗം | മുഴുവൻ കുട്ടികളും | 25000 |
| 9 | ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കൽ- (അസംബ്ലി ,ഡയറി, ലൈബ്രറി, നാടകം) | രണ്ടു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾ | 10000 |
| 10 | ദൃശ്യാവിഷ്കാരം -സ്വാതന്ത്ര്യസമര ചരിത്ര ഏടുകൾ | മൂന്ന് ,നാല് ക്ലാസിലെ കുട്ടികൾ | 25000 |

| | | | |
|---|---|---|---|
| 11 | ഗണിത മാഗസിൻ | മൂന്ന് ,നാല് ക്ലാസിലെ കുട്ടികൾ | 3000 |
| 12 | പ്രവർത്തിപരിചയം ശില്പശാലകൾ | മുഴുവൻ കുട്ടികളും | 25000 |
| 13 | യോഗ, കായിക പരിശീലനങ്ങൾ | മുഴുവൻ കുട്ടികളും | 10000 |
| 14 | ആരോഗ്യ ബോധവൽക്കരണ ക്ലാസുകളും വൈദ്യ പരിശോധന ക്യാമ്പുകളും | മുഴുവൻ കുട്ടികളും | 25000 |
| 15 | രചന ശില്പശാലകൾ (കഥ ,കവിത, ചിത്രം) | മുഴുവൻ കുട്ടികളും | 10000 |
| 16 | സ്കൂൾ വാർഷികാഘോഷങ്ങൾ | മുഴുവൻ കുട്ടികളും | 100000 |
| 17 | സഹവാസ ക്യാമ്പുകൾ | മൂന്ന് ,നാല് ക്ലാസിലെ കുട്ടികൾ | 25000 |
| 18 | വാരാന്ത്യ ക്വിസ് മത്സരങ്ങൾ | മുഴുവൻ കുട്ടികളും | 5000 |
| 19 | ബാലസഭകൾ | മുഴുവൻ കുട്ടികളും | 10000 |

# ലക്ഷ്യങ്ങൾ -ഭാഷ

- എല്ലാവർക്കും എഴുത്തും വായനയും
- വായനാക്കൂട്ടം, എഴുത്തു കൂട്ടം
- ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി ,അമ്മ വായന
- ക്ലാസ് സഭ ,ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മാഗസിനുകൾ ,ചുമർപത്രിക എന്നിവയുടെ എഴുത്തും വായനയും പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട് സിഡി,ഐസിടി സാധ്യതകൾ സജ്ജീകരിക്കൽ

# പ്രവർത്തനങ്ങൾ

1. മുന്നറിവ് പരിശോധന

കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനായി പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു

2.ചിത്രം അടിക്കുറിപ്പ്

ചിത്രം നൽകി അടിക്കുറിപ്പ് പറയിപ്പിക്കൽ

3.അക്ഷരം ഉറപ്പിക്കൽ .ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു

4.പദനിർമ്മാണം

വാക്യങ്ങളിൽ നിന്ന് പദങ്ങൾ കണ്ടെത്തി എഴുതൽ ചിഹ്നങ്ങൾ ചേർത്ത് വായിക്കൽ എഴുതൽ

5.ചിത്രീകരണം

വായന കാർഡ് വായിച്ച് ആശയം ചിത്രീകരിക്കൽ

6.അടയാളങ്ങൾ ഉറപ്പിക്കൽ .ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ 7.C.D പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ സിഡി പ്രദർശിപ്പിക്കുന്നു ഓരോ ചിത്രത്തെയും കുറിച്ച് പറയുന്നു എഴുതുന്നു

8. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷിക്കാർക്ക് ആയി പ്രത്യേകം പ്രവർത്തന പാക്കേജ്

9. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ വായനക്കായി ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു

10.വായനാമൂല

പത്രങ്ങൾ ആനുകാലികങ്ങൾ എന്നിവ ഒഴിവ് സമയങ്ങളിൽ വായിക്കാൻ നൽകുന്നു

12 അസംബ്ലിയിൽ പത്രവായന

എല്ലാ ദിവസവും അസംബ്ലിയിൽ പത്രം വായിക്കൽ

13. കഥാപുസ്തകത്തിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തൽ

14.അക്ഷരം തിരിച്ചറിഞ്ഞ് പ്രയോഗിക്കൽ

15. ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം പുസ്തകങ്ങൾ വിവിധ തലക്കെട്ട് ഉള്ള ക്രമീകരണം, ബർത്ത് ഡേ പുസ്തക ശേഖരണം

16. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം – വായനാമുറി – വായന കുറിപ്പ് തയ്യാറാക്കൽ – മികച്ച കുറിപ്പ് കണ്ടെത്തൽ – പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ,ശില്പശാല

17.വായനാക്കുറിപ്പുകൾ

തയ്യാറാക്കൽ – പങ്കുവെയ്ക്കൽ ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം

18. ബാലസഭ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം സാഹിത്യകാരന്മാരുടെ സാന്നിധ്യം

19. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം. പാഠഭാഗവുമായി ബന്ധപ്പെട്ടവ സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താൻ അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു

21. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

22. ജന്മദിന പുസ്തകം

കുട്ടികളുടെ ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകുന്നു

23. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ എഴുത്തുകൂട്ടങ്ങൾ ആക്കുന്നു, വ്യക്തിഗത രചന, സംഘ രചന സംഘടിപ്പിക്കുന്നു.

24. പുസ്തക ചർച്ച

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ സാഹിത്യകാരന്മാർ എന്നിവർ പാഠഭാഗവുമായി ബന്ധപ്പെട്ട അധികമായ നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ

25. വായനക്കുറിപ്പ്

ഓരോ പുസ്തക വായനയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

26. ആസ്വാദനക്കുറിപ്പ്

വ്യക്തിഗതരചന, സംഘ രചനഎന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു

27. മികച്ച മാതൃകകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ മികച്ച സാഹിത്യ ശാഖകൾ, മാതൃകകൾ പരിചയപ്പെടൽ

28. സാഹിത്യകാരന്മാരുമായുള്ള സംവാദം- അഭിമുഖം

സാഹിത്യ വായന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിൽ അറിയുവാൻ, പുസ്തക രചന തന്ത്രങ്ങൾ അറിയാൻ, കഥ കവിത രൂപീകരണം, മനസ്സിലാക്കാൻ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം

29.സ്കൂൾ മാഗസിൻ തയ്യാറാക്കൽ

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു, വിലയിരുത്തുന്നു, കൂടുതൽ സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു

30. വ്യക്തിഗതരചന സംഘരചന

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി വ്യക്തിഗത രചന സംഘ രചന സംഘടിപ്പിക്കുന്നു

31. പൊതുവേദിയിൽ മികച്ച സൃഷ്ടികൾ അവതരിപ്പിക്കൽ

കുട്ടികളിലെ ഭയം സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു അവസരം നൽകുന്നു സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം

യോഗങ്ങൾ സംഘടിപ്പിക്കൽ

32.ചുമർ പത്രിക തയ്യാറാക്കൽ

കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ ചുമർ പത്രിക തയ്യാറാക്കൽ

33.സാഹിത്യ ക്വിസ്

വായന വാരാചരണത്തോടനുബന്ധിച്ച് സാഹിത്യ ക്വിസ് നടത്തൽ

34. സാഹിത്യകാരന്മാരെ പരിചയപ്പെടൽ- സ്ലൈഡ് പ്രദർശനം

അസംബ്ലിയിൽ കൃതികൾ സംഭാവന സവിശേഷത ഇവ പരിചയപ്പെടുത്തണം രചയിതാവിന്റെ ചിത്രം സ്ലൈഡ് പ്രദർശനം പവർ പോയിന്റ് അവതരണം

## ഹ്രസ്വകാലം- മലയാളം

പ്രോഗ്രാം1- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മലയാളത്തിളക്കം

ആക്ടിവിറ്റി- പ്രീ ടെസ്റ്റ്, കഥ വികസിപ്പിക്കൽ ചിത്രങ്ങളിൽ നിന്ന് കഥ കണ്ടെത്തൽ ചിത്രം അടിക്കുറിപ്പ് സിഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ പദനിർമ്മാണം അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ വായന കാർഡ് വായിക്കൽ വായിച്ച ആശയം ചിത്രീകരിക്കാൻ ഭിന്നശേഷിക്കാരെ പരിഗണിക്കൽ

കാലയളവ് – രണ്ടുമാസം ആഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ

പിന്തുണ -BRC, DieT,Scert,PTA,SMC

പ്രോഗ്രാം2-വായനക്കൂട്ടം വായന  മെച്ചപ്പെടുത്തൽ

ആക്ടിവിറ്റി -1.ക്ലാസ് ലൈബ്രറി  2.വായനാമൂല 3.അസംബ്ലിയിൽ പത്രവായന 4.ലൈബ്രറി നവീകരണം 5.അമ്മ വായന 6.വായന കുറിപ്പുകൾ അവതരണം 7.ബാലസഭാ 8.വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം 9.ദിനാചരാചരണങ്ങൾ 10.ആനുകാലികപ്രസിദ്ധീകരണങ്ങളുടെ വായന

11.ജന്മദിന പുസ്തകം പരിപാടി

കാലയളവ്  -ആറുമാസം

പിന്തുണ- BRC,DieT,Scert,PTA,SMC

പ്രോഗ്രാം 3- കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക- എഴുത്തുകൂട്ടം

ആക്ടിവിറ്റി - എഴുത്തുകൂട്ട രൂപീകരണം പുസ്തക ചർച്ച വായനക്കുറിപ്പ് പതിപ്പ് ആസ്വാദനക്കുറിപ്പ് പതിപ്പ് മികച്ച മാതൃകകൾ പരിചയപ്പെടുത്തൽ സാഹിത്യകാരന്മാരുമായുള്ള സംവാദം അഭിമുഖം സ്കൂൾ മാഗസിൻ തയ്യാറാക്കൽ വ്യക്തിഗത രചന പൊതുവേദികളിൽ മികച്ച സൃഷ്ടികൾ അവതരിപ്പിക്കൽ ചുമർപത്രിക തയ്യാറാക്കൽ സാഹിത്യ ക്വിസ് സാഹിത്യകാരന്മാരെ പരിചയപ്പെടൽ സ്ലൈഡ് പ്രദർശനം

കാലയളവ് - ആറുമാസം

പിന്തുണ -BRC, DieT,Scert,PTA,SMC

സാഹിത്യകാരന്മാർ

# പരിസര പഠനം

## ലക്ഷ്യങ്ങൾ

1. സ്കൂളിലെ മുഴവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക
2. കൃഷിയോടും കൃഷി ചെയ്യുന്നവരോടും ഉള്ള അനുകൂല മനോഭാവം വളർത്തിയെടുക്കുക
3. കുട്ടികളെ ശാസ്ത്രബോധം വളർത്തിയെടുക്കുക
4. പച്ചക്കറി കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക
5. ആനുകാലിക വിഷയങ്ങളെ കുറിച്ചുള്ള അറിവ് രൂപീകരിക്കുന്നതിന്
6. ശാസ്ത്ര പഠനം രസകരമാക്കൽ
7. ശാസ്ത്ര ലാബ് സജ്ജീകരിക്കൽ
8. പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുഗ്രഹിക്കുന്നതിന്
9. പ്രകൃതിയെ അടുത്തറിയാൻ അവസരം ലഭിക്കുക
10. ആരോഗ്യമുള്ള ശരീര രൂപപ്പെടുത്തിയെടുക്കൽ
11. നമ്മുടെ നാടിന്റെ ചരിത്രത്തെക്കുറിച്ച് അവബോധം വളർത്തിയെടുക്കൽ
12. ശുചിത്വബോധം വളർത്തിയെടുക്കൽ
13. വര സംരക്ഷണം, ജലസംരക്ഷണം എന്നിവയെ കുറിച്ചുള്ള ബോധം വളർത്തിയെടുക്കൽ
14. ശാസ്ത്രമേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ

പ്രോഗ്രാം1. –വാർത്ത പ്രദർശനം

ആക്ടിവിറ്റി –

സ്കൂൾ ബുള്ളറ്റിൻ ബോർഡിൽ ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു

കാലയളവ് – ജൂൺ– മാർച്ച്

പിന്തുണ– കുട്ടികൾ അധ്യാപകർ

പ്രോഗ്രാം 2– ലഘുപരീക്ഷണങ്ങൾ

ആക്ടിവിറ്റി– പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. രസകരമായ ലഘുപരീക്ഷണങ്ങൾ ബാലസഭയിൽ അവതരിപ്പിക്കുന്നു

കാലയളവ് – ജൂൺ മാർച്ച്

പിന്തുണ– കുട്ടികൾ അധ്യാപകർ, SRG

പ്രോഗ്രാം 3– വിദ്യാലയ പച്ചക്കറി കൃഷി

സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ സ്കൂൾ വളപ്പിൽ കൃഷി ചെയ്യുന്നു. കൃഷിയുടെ വിവിധ ഘട്ടങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു

കാലയളവ് – ഒക്ടോബർ മാർച്ച്

പ്രോഗ്രാം4 – ജൈവവൈവിധ്യ പാർക്ക് വിപുലീകരണം

ആക്ടിവിറ്റി– സ്കൂളിൽ നിലവിലുള്ള ജൈവവൈവിദ്യ പാർക്കിന്റെ വിപുലീകരണം. പൂച്ചെടികൾ വച്ചു പിടിപ്പിച്ച ശലഭങ്ങളെ ആകർഷിപ്പിക്കൽ. ഔഷധ ചെടികൾ നട്ടുപിടിപ്പിക്കുക.

കാലയളവ് – ജൂൺ സെപ്റ്റംബർ

പിന്തുണ– അധ്യാപകർ പിടിഎ കുട്ടികൾ

പ്രോഗ്രാം5– ഇന്നത്തെ ചോദ്യംആക്ടിവിറ്റി– എല്ലാ ദിവസവും കുട്ടികൾക്ക് ആനുകാലിക വിഷയവുമായി ബന്ധപ്പെട്ട ഒരു ചോദ്യം നൽകുന്നു കുട്ടികൾ ഉത്തരം കണ്ടെത്തി വരികയും നറുക്കെടുപ്പിലൂടെ സമ്മാനം നൽകുകയും ചെയ്യുന്നു

കാലയളവ് – ജൂൺ മാർച്ച്

പിന്തുണ– കുട്ടികൾ അധ്യാപകർ

പ്രോഗ്രാം6– പ്രതിവാര ക്വിസ്

ആക്ടിവിറ്റി- എല്ലാ ആഴ്ചയിലും സാമൂഹ്യശാസ്ത്ര- പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ച് വിജയിക്ക് സമ്മാനം നൽകുന്നു

കാലയളവ് - ജൂൺ മാർച്ച്

പിന്തുണ- കുട്ടികൾ അധ്യാപകർ

പ്രോഗ്രാം7- ശാസ്ത്ര ലാബ്

ആക്ടിവിറ്റി - ലാബ് ഉപകരണങ്ങൾ ഓരോ ക്ലാസിലേക്കും വേണ്ട രീതിയിൽ സജ്ജീകരിച്ചു വയ്ക്കുന്നു

കാലയളവ് - ജൂൺ ജൂലൈ

പിന്തുണ -കുട്ടികൾ, അധ്യാപകർ

പ്രോഗ്രാം8 -ഫീൽഡ് ട്രിപ്പ്

ആക്ട്ടിവിറ്റി - പ്രകൃതിയെ അടുത്തറിയുന്നതിനും പ്രത്യക്ഷനുഭവം ലഭിക്കുന്നതിനും വേണ്ടി അധ്യാപകരും കുട്ടികളും ചേർന്ന് ഫീൽഡ് ട്രിപ്പ് നടത്തുന്നു

കാലയളവ് -വർഷത്തിൽ രണ്ടു തവണ

പിന്തുണ -അധ്യാപകർ, രക്ഷിതാക്കൾ

പ്രോഗ്രാം 9- ആരോഗ്യ ബോധവൽക്കരണ ക്ലാസ്

ആക്ടിവിറ്റി - കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി ഹെൽത്ത് ഇൻസ്പെക്ടറുടെ സഹായത്തോടെ ഒരു ക്ലാസ് സംഘടിപ്പിക്കുന്നു.
ആരോഗ്യത്തെ കുറിച്ചും ശുചിത്വത്തെ കുറിച്ചുള്ള ബോധം ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു

കാലയളവ് - വർഷത്തിലൊരിക്കൽ

പിന്തുണ-ആരോഗ്യവകുപ്പ് ജീവനക്കാർ

പ്രോഗ്രാം10 - ചരിത്രാവ ബോധം വളർത്തൽ

ആക്ടിവിറ്റി- ചരിത്രപരമായ സംഭവങ്ങൾ നടന്ന കാലം എന്നിവ ഉൾപ്പെടുത്തിയ ബുള്ളറ്റിൻ ബോർഡ് പ്രദർശിപ്പിക്കുന്നു ദിനാചരണങ്ങൾ ആഘോഷിക്കുന്നു

കാലയളവ് -ജൂൺ മാർച്ച്

പിന്തുണ- കുട്ടികൾ അധ്യാപകർ

പ്രോഗ്രാം11- നാടകാവിഷ്കരണം

ആക്ടിവിറ്റി- ചരിത്രസംഭവവുമായി ബന്ധപ്പെട്ട സംഭവങ്ങൾ സ്വാതന്ത്ര്യ സമരം കുട്ടികൾ നാടക രൂപത്തിൽ ആവിഷ്കരിക്കുന്നു-

കാലയളവ് -ജൂൺ മാർച്ച്

പിന്തുണ -കുട്ടികൾ അധ്യാപകർ

പ്രോഗ്രാം-12 പരിസ്ഥിതി ദിനാചരണം

ആക്ടിവിറ്റി- ജൂൺ 5 പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ഓരോ കുട്ടികൾക്കും ഓരോ മരം നൽകി അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് എച്ച് എം ക്ലാസ്സ് എടുത്തു കൊടുക്കുകയും ചെയ്യുന്നു

കാലയളവ് - ജൂൺ

പിന്തുണ- കുട്ടികൾ അധ്യാപകർ

# ഗണിതം

## ലക്ഷ്യം

.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

.ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

.ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക

.ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ

.ഗണിതാസ്വാദനം

പ്രോഗ്രാം1- ഗണിത പസിൽ

ആക്ടിവിറ്റി- ആഴ്ചയിൽ ഒന്നു വീതം ഗണിത പസിൽ നോട്ടീസ് ബോർഡിൽ പതിക്കുകയും കുട്ടികൾ ഉത്തരം കണ്ടെത്തി വരികയും ചെയ്യുന്നു  കാലയളവ് - ജൂൺ മാർച്ച്

പിന്തുണ- എസ് ആർ ജി

പ്രോഗ്രാം2- ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ

ആക്ടിവിറ്റി- അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉണ്ടാക്കുന്നു പ്രീ ടെസ്റ്റ് മൂല്യനിർണയം സംഖ്യാബോധം പ്രാഥമിക ഗണിതക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനം

കാലയളവ്  - ജൂൺ ആഗസ്റ്റ്

പിന്തുണ- എസ് ആർ ജി

പ്രോഗ്രാം3- ഗണിത പ്രോജക്ട്

ആക്ടിവിറ്റി- വീട്ടിലെ വരവ് ചെലവ് കണക്കാക്കൽ , അളവ് തൂക്കങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കച്ചവട കളികൾ

കാലയളവ്  - ജൂൺ മാർച്ച്

പിന്തുണ - എസ് ആർ ജി

പ്രോഗ്രാം4-ഗണിത പറ്റേൺ

ആക്ടിവിറ്റി- രസകരമായ ഗണിത പാറ്റേണുകൾ സ്കൂൾ തലത്തിലും അവതരിപ്പിക്കൽ

കാലയളവ് - ജൂൺ മാർച്ച്

പിന്തുണ- എസ് ആർ ജി

പ്രോഗ്രാം5- ഗണിതമാഗസിൻ

ആക്ടിവിറ്റി- കുട്ടികളുടെ ഗണിത ചിത്രങ്ങൾ പാറ്റേണുകൾ ഗണിത പാട്ടുകൾ കഥകൾ ആനുകാലിക സംഭവങ്ങൾ ഗണിതാശയങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു

കാലയളവ് - ജനുവരി -മാർച്ച്

പിന്തുണ എസ് ആർ ജി

പ്രോഗ്രാം6- മനക്കണക്കുകൾ

ആക്ടിവിറ്റി- മനസ്സിൽ മാത്രം ചെയ്തു നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങൾ ഓരോ ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെട്ട് നൽകണം

കാലയളവ് - ജൂൺ മാർച്ച്

പിന്തുണ- എസ് ആർ ജി

പ്രോഗ്രാം7- ഗണിതലാബ്

ആക്ടിവിറ്റി -ഗണിത റഫറൻസ് ബുക്കുകൾ മോഡലുകൾ ചുമർ ഗണിത ചിത്രങ്ങൾ അളവ് ഉപകരണങ്ങൾ അബക്കാസ് ജാമിതീയ രൂപങ്ങൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുക ടാൻഗ്രാം നിർമ്മാണം

കാലയളവ് -ജൂൺ മാർച്ച്

പിന്തുണ- എസ് ആർ ജി

പ്രോഗ്രാം8- ഗണിത ക്വിസ്

ആക്ടിവിറ്റി-എല്ലാ മാസവും ഗണിത ക്വിസ് സംഘടിപ്പിക്കുന്നു.

കാലയളവ് -ജൂൺ മാർച്ച് .പിന്തുണ- എസ് ആർ ജി

# ഇംഗ്ലീഷ്

## ലക്ഷ്യം

1. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടൽ
2. എല്ലാ കുട്ടികളെയും ഇംഗ്ലീഷ് തെറ്റില്ലാതെ വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ
3. ഇംഗ്ലീഷിൽ സ്വന്തമായി രചനകൾ നടത്തൽ
4. ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ

പ്രോഗ്രാം1– ഇംഗ്ലീഷ് മാഗസിൻ

ആക്ടിവിറ്റി– കുട്ടികൾ തയ്യാറാക്കുന്ന സൃഷ്ടികൾ കഥകൾ കവിതകൾ ചിത്രങ്ങൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു

കാലയളവ്– ജനുവരി മാർച്ച്

പിന്തുണ– കുട്ടികൾ

പ്രോഗ്രാം2– കളികൾ

ആക്ടിവിറ്റി– ടീച്ചർ ഇംഗ്ലീഷ് നിർദേശങ്ങൾ നൽകുകയും കുട്ടികൾ അതിന് അനുയോജ്യമായ പ്രതികരണം നൽകുകയും ചെയ്യുന്നു

പ്രോഗ്രാം3– ഇംഗ്ലീഷ് ക്യാമ്പ്

ആക്ടിവിറ്റി– മധ്യവേനൽ അവധിക്കാലത്ത് പരിസരത്തെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്യാമ്പ് നടത്തുന്നു

കാലയളവ്–ഏപ്രിൽ

പിന്തുണ– രക്ഷിതാക്കൾ അധ്യാപകർ ബി ആർ സി

പ്രോഗ്രാം4– ഇംഗ്ലീഷ് പദം പ്രശ്നം

ആക്ടിവിറ്റി– ആഴ്ചയിൽ രണ്ടുദിവസം ഇംഗ്ലീഷ് പദ പ്രശ്നം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ഉത്തരം കണ്ടെത്തുകയും ചെയ്യുന്നു

പ്രോഗ്രാം5– ഇംഗ്ലീഷ് അസംബ്ലി

കാലയളവ്   ജൂണ്–മാർച്ച്

പിന്തുണ–കുട്ടികൾ, അധ്യാപകർ  ഹെഡ് മാസ്റ്റർ

പ്രോഗ്രാം-6 ഇംഗ്ലീഷ് ഡയറി

കാലയളവ്-സപ്തംബർ- മാർച്ച്

പിന്തുണ കുട്ടികൾ, ക്ലാസ് അധ്യാപകർ

# പ്രവർത്തി പരിചയ കലാകായിക വിദ്യാഭ്യാസം

1.കുട്ടികളുടെ കായിക ക്ഷമത വർധിപ്പിച്ച് വിദ്യാഭ്യാസം കാര്യക്ഷമമാക്കുക

2.പഠിതാവിന്റെ നൈസർ മായവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിക്കുക

3.വിവിധങ്ങളായ കലകളെ അറിയുന്നതിനുംകുട്ടിയുടെ അഭിരുചിക്ക് അനുസരിച്ച് അവ അഭ്യസിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക

4. വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ സൗന്ദരാത്മകത ഉൾക്കൊള്ളിക്കുന്നതിനും

5.കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്

6.സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരികവ ബോധം വളർത്തുന്നതിന്

7.കലയുടെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നവീനങ്ങളായ ചിന്തകളിൽ ഏർപ്പെടുന്നത് സന്തുലിതമായ സാമൂഹിക പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനും

8.ബഹുമുഖ ബുദ്ധി വികാസത്തിന്റെ പ്രയോജനപ്പെടുത്തുന്നതിന്

9.ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പഠന പ്രവർത്തനങ്ങളിൽ തൽപരരാകുന്നതിന്

10 കുട്ടികളുടെ ആസ്വാദനനിലാവാരം ഉയർത്തുന്നതിന്

പ്രോഗ്രാം-1 മാസ് ഡ്രിൽ കളി

ആക്ടിവിറ്റി- വൈകുന്നേരം മാസ് ഡ്രിൽ കളികൾ എന്നിവ ടീച്ചറുടെ നേതൃത്വത്തിൽ നടത്തുന്നു

കാലയളവ്- ജൂൺ -മാർച്ച്

പ്രോഗ്രാം-2 എംബ്രോയിഡറി എംബ്രോയിഡറി പരിശീലനം

കാലയളവ്-ജൂലൈ -ഒക്ടോബർ രക്ഷിതാക്കൾ അധ്യാപകർ ബി ആർ സി

പ്രോഗ്രാം3-ഫാബ്രിക് പെയിന്റിങ് ഫാബ്രിക് പെയിന്റ്

കാലയളവ്-ജൂലൈ- ഒക്ടോബർ

പ്രോഗ്രാം4-വെജിറ്റബിൾ പ്രിന്റിംഗ് വെജിറ്റബിൾ

കാലയളവ്- ജൂലൈ -ഒക്ടോബർ

പ്രോഗ്രാം5-ബീഡ്സ് വർക്ക് എന്നിവയുടെ പരിശീലനം

പ്രോഗ്രാം6-ചിത്രരചന ചിത്രരചനയിൽ പരിശീലനം

പ്രോഗ്രാം7- യോഗ /സൂംബ പരിശീലനം

ആക്ടിവിറ്റി- വായുസഞ്ചാരമുള്ള മുറിയോഗ പരിശീലനത്തിനുവേണ്ടി സജ്ജീകരിക്കുന്നു ആഴ്ചയിൽ ഒരു ദിവസം യോഗ പരിശീലനം

കാലയളവ്-ജൂൺ മാർച്ച്

പ്രോഗ്രാം8- ഒറിഗാമി

ആക്ടിവിറ്റി വിവിധതരം ഒറിഗാമി രൂപങ്ങൾ പാഠ പുസ്തകവുമായി ബന്ധപ്പെടുത്തി നിർമ്മിക്കൽ

കാലയളവ്–ജൂൺ മാർച്ച്
പ്രോഗ്രാം8– പപ്പെറ്റ് തിയറ്റർ
ആക്ടിവിറ്റി പപ്പെറ്റ് തിയറ്റർ വിവിധതരം വിരൽപാവകളെ നിർമ്മിച്ച്
പാവനാടകം സംഘടിപ്പിക്കൽ
കാലയളവ്–ജൂൺ മാർച്ച്
പിന്തുണ–രക്ഷിതാക്കൾ അധ്യാപകർപരിശീലകർ
പ്രോഗ്രാം9–കൊറിയോഗ്രഫി
ആക്ടിവിറ്റി–പാഠഭാഗങ്ങൾ നാടകീകരിക്കൽ
കാലയളവ്–ജൂൺ മാർച്ച്
പ്രോഗ്രാം10– നാടൻപാട്ടുകൾ
ആക്ടിവിറ്റി–നാടൻകലകളെ പരിചയപ്പെടുത്തൽ–ക്ലാസുകൾ
സംഘടിപ്പിക്കൽ
പിന്തുണ പ്രഗത്ഭരായ വ്യക്തികൾ
പ്രോഗ്രാം11–ആശംസാകാർഡുകൾ
ആക്ടിവിറ്റി–വിശേഷദിവസങ്ങൾക്കായി ആശംസാ കാർഡുകൾ തയ്യാറാക്കൽ
പിന്തുണ–അധ്യാപകർരക്ഷിതാക്കൾ
പ്രോഗ്രാം12–ആരോഗ്യ ക്യാമ്പ്
പിന്തുണ –രക്ഷിതാക്കൾ അധ്യാപകർ,ഡോക്ടർ
ആക്ടിവിറ്റി രക്ഷിതാക്കൾക്കും കുട്ടികൾക്കുംവൈദ്യ പരിശോധനാ
ക്യാമ്പ്സംഘടിപ്പിക്കൽ
പ്രോഗ്രാം13–ശിൽപ്പശാല
ആക്ടിവിറ്റി–പാഴ്വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായവസ്തുക്കൾ നിർമ്മിക്കൽ
പിന്തുണ –രക്ഷിതാക്കൾ അധ്യാപകർ നാട്ടുകാർ